**പതിമൂന്നാം കേരള നിയമസഭ**
ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നമ്പർ: 138**

**14.12.2012 - ൽ മറുപടിയ്ക്ക്**

## ഇന്ദിര ആവാസ് യോജന

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. രാജു എബ്രഹാം<br>,, പി. കെ. ഗുരുദാസൻ<br>,, കെ. കെ. ജയചന്ദ്രൻ<br>,, കെ. വി. വിജയദാസ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇന്ദിരാ ആവാസ് യോജനയുടെ നടത്തിപ്പിനെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കും ഇതര സമുദായങ്ങളിൽ ഉൾപ്പെട്ട ഭവന രഹിതരായ കുടുംബങ്ങൾക്കും സൗജന്യമായി വീട് നിർമ്മിച്ച് നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇന്ദിരാ ആവാസ് യോജന. ഈ പദ്ധതി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരിച്ചാണ് നടപ്പാക്കുന്നത്. പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് ബ്ളോക്ക്, ജില്ലാ, സംസ്ഥാനതലങ്ങളിൽ പ്രതിമാസ അവലോകനം നടത്താറുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ ത്രൈമാസ അവലോകനവും നടത്തിവരുന്നുണ്ട്. |

(ബി) 2012-13 വർഷത്തേക്ക് പ്രസ്തുത പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാരിന്റെ വിഹിതത്തിന് പുറമേ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടുന്ന വിഹിതം സർക്കാർ അനുവദിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം വരെ ഇന്ദിര ആവാസ് യോജന പദ്ധതിയുടെ നടത്തിപ്പിനായി പൊതുവിഭാഗത്തിനു 75000 രൂപയും പട്ടിക ജാതി വിഭാഗത്തിന് 1 ലക്ഷം രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിനു 1.25 ലക്ഷം രൂപയുമാണ് നൽകിവന്നുരുന്നത്. പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിനു നൽകുന്ന കേന്ദ്ര സംസ്ഥാന വിഹിതം 48500 രൂപയാണ്. കേന്ദ്ര സംസ്ഥാന സർക്കാറുകൾ ഇത് 75:25 എന്ന അനുപാതത്തിലാണ് നൽകുന്നത്. എന്നാൽ 15.09.2011 മുതൽ സംസ്ഥാന സർക്കാർ എസ്.സി വിഭാഗങ്ങൾക്ക് 2 ലക്ഷവും, എസ്.റ്റി വിഭാഗത്തിന് 2.50 ലക്ഷവുമായി വർദ്ധിപ്പിച്ചതുകാരണമുള്ള സാമ്പത്തിക ബാധ്യത നേരിടുന്നതിന് സർക്കാർ അധിക വിഹിതമായി 2012-13 സാമ്പത്തിക വർഷം ഒരു വീടിന് 75,000/- രൂപ വീതം അധികസഹായം നൽകുന്നതിനും ആയതിന് ബഡ്ജറ്റ് വിഹിതത്തിനു പുറമേ 100 കോടി രൂപ കൂടി ആവശ്യാനുസരണം അനുവദിക്കുന്നതായിരിക്കുമെന്നും ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിനു പുറമേ നൽകേണ്ട തുക ഗ്രാമ / ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന ക്രമത്തിൽ നൽകേണ്ടതാണ്.

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ തുകയുടെ അപര്യാപ്തതമൂലം പദ്ധതി അവതാളത്തിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെ സംബന്ധിച്ച് വിശദമാക്കുമോ?

**(സി)** ഇന്ദിര ആവാസ് യോജനയുടെ നടത്തിപ്പിനായി 2011-12 വർഷത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന വീടുകൾക്ക് സംസ്ഥാന സർക്കാർ 15/09/2011 മുതൽ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചപ്പോൾ ആവശ്യമായ അധിക തുക ഹഡ്കോയിൽ നിന്നും ലോൺ എടുത്ത് നൽകുവാൻ തീരുമാനിച്ചു. കൂടാതെ 2012-13 വർഷത്തിൽ സംസ്ഥാന സർക്കാർ ഒരു വീടിന് 75,000 രൂപ നിരക്കിൽ തുക ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുന്നതിലേയ്ക്കും ഹഡ്കോയിൽ നിന്ന് ലോൺ എടുക്കുവാൻ തീരുമാനിച്ചു. ഈ രണ്ടു വർഷത്തിലേയ്ക്കും ആവശ്യമായി വരുന്ന ലോൺ തുക 200 കോടിയായി കണക്കാക്കിയിട്ടുണ്ട്.

Lissy

സെക്ഷൻ ഓഫീസർ